**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6804** **11-07-2024 - ൽ മറുപടിയ്ക്ക്**

**റീ-സർവേയിലെ തെറ്റ് തിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമിയുടെ റീസർവേയിലെ തെറ്റ് തിരുത്തുന്നതിന് എഴുപത്തിയെട്ട് താലൂക്കുകളിലായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഏതു രീതിയിലാണ് ഇവ പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭൂമിയുടെ റീസർവെയിലെ തെറ്റ് തിരുത്തുന്നതിന് ബാക്കിയുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.<br>റീസർവെ അപാകത സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി എൽ.ആർ.എം വിഭാഗത്തിലേക്ക് സർവെയർമാരെ നിയമിച്ചിട്ടുള്ളതും, സർവെ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ പുരോഗതി ആർജ്ജിക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി ഹെഡ് സർവെയർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എൽ.ആർ.എം ജോലികൾ എല്ലാ ആഴ്ചകളിലും സർവെ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നുമുണ്ട്. കൂടാതെ പേരുമാറ്റത്തിനുള്ള പരാതികൾ വില്ലേജ് തലത്തിൽ തന്നെ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള സർവെയർമാരെ, അപേക്ഷകൾ കൂടുതലുള്ള വില്ലേജുകളിലേക്ക് വിന്യസിക്കുകയും, അതുപോലെ തന്നെ സ്പെഷ്യൽ ഓഫീസുകളിൽ ജോലി ചെയ്യുന്ന സർവെയർമാരെ എൽ.ആർ.എം ജോലികൾ കൂടി നിർവ്വഹിക്കുന്നതിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ തെറ്റ് തിരുത്തൽ അപേക്ഷ വന്നിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലാണ്. |
| (ബി) | ഏറ്റവും കൂടുതൽ തെറ്റ് തിരുത്തൽ അപേക്ഷ വന്നിരിക്കുന്നത് ഏത് ജില്ലയിലാണ്; സംസ്ഥാനത്ത് സർവേയർമാരുടെ അഭാവം മൂലം റീസർവേയിലെ തെറ്റ് തിരുത്തൽ നടപടികൾ വൈകുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഭൂമിയുടെ റീസർവെയിലെ തെറ്റ് തിരുത്തുന്നതിന് ബാക്കിയുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.<br>റീസർവെ അപാകത സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി എൽ.ആർ.എം വിഭാഗത്തിലേക്ക് സർവെയർമാരെ നിയമിച്ചിട്ടുള്ളതും, സർവെ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ പുരോഗതി ആർജ്ജിക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി ഹെഡ് സർവെയർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എൽ.ആർ.എം ജോലികൾ |

| | | | |
|---|---|---|---|
| | | | എല്ലാ ആഴ്ചകളിലും സർവെ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നുമുണ്ട്. കൂടാതെ പേരുമാറ്റത്തിനുള്ള പരാതികൾ വില്ലേജ് തലത്തിൽ തന്നെ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള സർവെയർമാരെ, അപേക്ഷകൾ കൂടുതലുള്ള വില്ലേജുകളിലേക്ക് വിന്യസിക്കുകയും, അതുപോലെ തന്നെ സ്പെഷ്യൽ ഓഫീസുകളിൽ ജോലി ചെയ്യുന്ന സർവെയർമാരെ എൽ.ആർ.എം ജോലികൾ കൂടി നിർവ്വഹിക്കുന്നതിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ തെറ്റ് തിരുത്തൽ അപേക്ഷ വന്നിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലാണ്. |
| (സി) | ഭൂമിയുടെ ഡിജിറ്റൽ സർവേയുടെ മറവിൽ സമാന്തര സർവേ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## സംസ്ഥാനത്ത് റീസർവെയിലെ തെറ്റ് തിരുത്തുന്നതിന് ബാക്കിയുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം

| ക്രമ നമ്പർ | ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 45190 |
| 2 | കൊല്ലം | 12367 |
| 3 | പത്തനംതിട്ട | 6000 |
| 4 | ആലപ്പുഴ | 7811 |
| 5 | കോട്ടയം | 8257 |
| 6 | ഇടുക്കി | 8965 |
| 7 | എറണാകുളം | 6728 |
| 8 | തൃശ്ശൂർ | 5444 |
| 9 | പാലക്കാട് | 7735 |
| 10 | മലപ്പുറം | 5193 |
| 11 | കോഴിക്കോട് | 2660 |
| 12 | വയനാട് | 3422 |
| 13 | കണ്ണൂർ | 1331 |
| 14 | കാസർഗോഡ് | 2581 |